ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്
മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot No CPL 3/2026

സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും
സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.

മിഷൻ ഞായർ 2026

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

സാർവത്രിക കത്തോലിക്കാ സഭ ഒക്ടോബർ 18-ന് മിഷൻ ഞായറാഴ്ചയായി ആചരിക്കുകയാണല്ലോ. എല്ലാ ജനതകളിലേക്കും തലമുറകളിലേക്കും സുവിശേഷത്തിന്റെ സന്തോഷം എത്തിക്കുക എന്ന സഭയുടെ അടിസ്ഥാന ലക്ഷ്യത്തെക്കുറിച്ച് ആഴത്തിൽ ചിന്തിക്കാനുള്ള അവസരമാണ് മിഷൻ ഞായർ. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മിഷൻ പ്രവർത്തനത്തിൽ സർവ്വാത്മനാ എല്ലാവരും പങ്കുചേരേണ്ടതിന്റെ ഉത്തരവാദിത്വത്തെക്കുറിച്ച് അഭിവന്ദ്യ പിതാക്കൻമാരെയും, വൈദികരേയും, സന്യസ്തരേയും, എല്ലാ വിശ്വാസികളെയും ഓർമ്മിപ്പിക്കുവാനും, പ്രവർത്തനനിരതരാക്കുവാനും ഞാൻ ആഗ്രഹിക്കുകയാണ്.

ലോക മിഷൻ ഞായർ ശതാബ്ദി (1926- 2026)

ലോക സുവിശേഷവത്ക്കരണത്തിനായി 1926-ൽ പരി. പീയൂസ് പതിനൊന്നാമൻ മാർപാപ്പയാണ് ലോക മിഷൻ ദിനം സ്ഥാപിച്ചത്. 1927-ൽ ആഗോള കത്തോലിക്കാ സഭ ആദ്യമായി ലോക മിഷൻ ദിനം ആചരിച്ചു. മിഷൻ ഞായർ ആചരണം ആരംഭിച്ചതിന്റെ 100-ാം വാർഷികം 2026 ഒക്ടോബർ 18-ന് നാം ആചരിക്കുകയാണ്. മിഷൻ

പ്രദേശങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി പ്രത്യേക പ്രാർത്ഥനകളും, സംഭാവനകളും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി തിരുസഭ കഴിഞ്ഞ 100 വർഷങ്ങളായി പ്രത്യേക ശ്രദ്ധ പുലർത്തുന്നു. നമ്മുടെ കർത്താവായ യേശു നമ്മോട് കൽപ്പിക്കുന്നു: "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ" (മത്താ. 28:19). ഈ മഹത്തായ നിയോഗം എന്നും സഭയുടെ ദൗത്യത്തിന് ശക്തി നൽകുന്നു. എന്നാൽ, മിഷൻ എന്നത് ചുരുക്കം ചിലർക്ക് മാത്രമുള്ള ഒരു തെരഞ്ഞെടുപ്പോ പ്രത്യേക ശുശ്രൂഷയോ അല്ല, മറിച്ച്, ക്രിസ്തുവിന്റെ സാക്ഷിയാകാൻ വിളിക്കപ്പെട്ട സഭയുടെ സ്വഭാവമാണ് മിഷനറിയാവുക എന്നത്. അപ്പസ്തോല പ്രവർത്തനം ആദിമ സഭയുടെ മിഷനറി തീക്ഷ്ണതയുടെ ഒരു ഊർജ്ജസ്വലമായ ചിത്രം കൂടി നമുക്ക് നൽകുന്നു: "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും; നിങ്ങൾ ജറുസലേമിലും, യൂദയാ മുഴുവനിലും, സമരിയായിലും, ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും." (അപ്പ. 1:8).

നമ്മുടെ മഹാചാര്യനായിരുന്ന പരി. ഫ്രാൻസിസ് മാർപാപ്പ, കരുണയോടും സുവിശേഷത്തിന്റെ സന്തോഷത്തോടും കൂടി, സഭ ഒരു 'ഫീൽഡ് ആശുപത്രി' ആയിരിക്കണമെന്നും, ഭൂമിശാസ്ത്രപരവും അസ്തിത്വപരവുമായ പ്രാന്തപ്രദേശങ്ങളിലേക്ക് എത്തിച്ചേരണമെന്നും പലപ്പോഴും നമ്മെ ഓർമ്മിപ്പിച്ചു. സഭയുടെ ദൗത്യത്തെക്കുറിച്ച് പരി.ഫ്രാൻസിസ് പാപ്പ ഇപ്രകാരം ഊന്നിപ്പറഞ്ഞു: സുവിശേഷവത്കരിക്കാനാണ് സഭ നിലനിൽക്കുന്നത്... നാം മുന്നോട്ട് പോകണം, നമ്മുടെ സ്വന്തം സുരക്ഷിതത്വത്തിന്റെ ഘടനകളിൽ നാം പൂട്ടിയിടപ്പെടരുത് (സുവിശേഷത്തിന്റെ സന്തോഷം നമ്പർ 15). വിശ്വസ്തയോടും സ്നേഹത്തോടും ധൈര്യത്തോടും കൂടി സുവിശേഷം ജീവിക്കുകയും പങ്കുവെക്കുകയും ചെയ്യുന്ന മിഷനറി ശിഷ്യന്മാരാകാൻ എല്ലാ വിശ്വാസികളെയും മാർപാപ്പ പ്രോത്സാഹിപ്പിച്ചു.

2026 ജൂൺ 15-ന് പരി. ലെയോ പതിനാലാമൻ മാർപാപ്പ വത്തിക്കാൻ അരമനയിലെ ക്ലെമെന്റൈൻ ഹാളിൽ വച്ച്, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനോടും, അഭിവന്ദ്യ പിതാക്കൻമാരോടും, യൂറോപ്പിലെ വിശ്വാസ സമൂഹത്തോടും, സഭ മുഴുവനോടും, നമ്മുടെ സഭയുടെ ചരിത്രത്തെയും സുവിശേഷവത്ക്കരണത്തിന്റെ പ്രാധാന്യത്തെയും സംബന്ധിച്ച്, ഹൃദയപൂർവ്വം സംസാരിച്ചതിന്റെ പ്രസക്തമായ ചില ഭാഗങ്ങൾ ഇപ്രകാരമായിരുന്നല്ലോ.

പ്രിയ സഹോദരീ സഹോദരന്മാരെ, ഈ അവസരത്തിൽ എന്റെ പ്രശസ്തനായ മുൻഗാമിയുടെ ആ വാക്കുകളെ ഓർമ്മിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു, ഇത് ഇടയന്മാരുടെ തലവനായ ക്രിസ്തുവിനോടുള്ള നന്ദിയോടെ ആരംഭിക്കുന്നു. 'പത്രോസിന്റെ പിൻഗാമിയുമായുള്ള സഭാ കൂട്ടായ്മ ക്രിസ്തീയ വിശ്വാസത്തിന്റെ ഒരു പ്രധാന ഭാഗമായി വീണ്ടും കണ്ടെത്തുന്നതിന് മാർ തിയോഫിലോസിനൊപ്പം, ബഥനി സന്യാസ സമൂഹങ്ങളിലെ വൈദികരും സന്യാസിനിമാരും ഉൾപ്പെടെ വിശ്വാസികളായ നിരവധിപേരെ നയിച്ച ധന്യൻ മാർ ഈവാനിയോസിനും ഞങ്ങൾ ഏറ്റവും എളിമയോടെയും തീക്ഷ്ണമായും നന്ദി പറയുന്നു.

ഒരു യുവവൈദികനായിരുന്നപ്പോൾ പോലും, മാർ ഈവാനിയോസ് കേരളത്തിലെ തന്റെ ക്രൈസ്തവ സമൂഹത്തിന്റെ പരിധികൾക്കും അപ്പുറത്തേക്ക് ദൂരക്കാഴ്ച നടത്തുകയും, തോമാശ്ലീഹായുടെ പ്രഘോഷണത്തിലൂടെയും രക്തസാക്ഷിത്വത്തിലൂടെയും ഇന്ത്യയിൽ നടപ്പെട്ട നല്ല വിത്തിന്റെ ചൈതന്യം വീണ്ടെടുക്കേണ്ടതിന്റെ ആവശ്യകത വ്യക്തമായി കാണുകയും ചെയ്തു. മിഷനറി പ്രവർത്തനം വാക്കുകളിലൂടെ മാത്രമല്ല, മറിച്ച് സദ്ഗുണപൂർണ്ണമായ ജീവിതത്തിലൂടെയും യഥാർത്ഥ കാരുണ്യ പ്രവർത്തിയിലൂടെയും നിർവഹിക്കണമെന്ന് അദ്ദേഹം നിർബന്ധിച്ചു. ഇക്കാരണത്താൽ, അതിന്റെ ആരംഭം മുതൽ, നിങ്ങളുടെ സഭ എപ്പോഴും സുവിശേഷ ഊർജ്ജത്തിന്റെയും അപ്പസ്തോലിക കാരുണ്യത്തിന്റെയും വിളക്കുമാടമായി, സാമൂഹിക നീതിയും വിദ്യാഭ്യാസവും സമഗ്ര മാനവ വികസനവും സമൂഹത്തിന്റെ അരികുകളിലുള്ളവർക്ക് പ്രദാനം ചെയ്തുകൊണ്ടിരിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭ വംശീയമോ ഭാഷാപരമോ ആയ പരിധികൾക്കപ്പുറത്തേക്ക് വേഗത്തിൽ വളരാൻ തുടങ്ങി, ആദ്യം തമിഴ്നാട്ടിൽ, 1934 മുതൽ നടന്നുവരുന്ന സുവിശേഷവൽക്കരണ പ്രവർത്തനത്തിന്റെ ഫലമായി. ഹൈരാർക്കിയുടെ പ്രതിബദ്ധത കൊണ്ടും, മേരിമക്കൾ സന്യാസിനി സമൂഹത്തിലെ സമർപ്പിതരുടെ സമർപ്പണം കൊണ്ടും ഊർജ്ജസ്വലമായ മലങ്കര സുറിയാനി കത്തോലിക്ക വിശ്വാസ സമൂഹങ്ങൾ അഭിവൃദ്ധിപ്പെട്ടു. നിങ്ങളുടെ സഭയുടെ മെത്രാൻ സിനഡും സന്യാസ സമൂഹങ്ങളും, ഇന്ത്യയിൽ അടുത്തിടെ രൂപീകരിക്കപ്പെട്ട, പ്രത്യേകിച്ച് ഖഡ്കിയിലെ വിശുദ്ധ എഫ്രേമിന്റെയും ഗുഡ്ഗാവിലെ വിശുദ്ധ ജോൺ ക്രിസോസ്റ്റത്തിന്റെയും വിശാലമായ ഭദ്രാസനങ്ങൾക്ക് സമാനമായ പ്രതിബദ്ധത കാണിക്കണമെന്ന് ഞാൻ പ്രോത്സാഹിപ്പിക്കുന്നു. ഇനിയും ഒരു ഭാവി സാധ്യത കൂടി മുന്നോട്ട് വരുന്നുണ്ട്. അതേസമയം, വളരുന്ന പ്രവാസി

സമൂഹത്തിൽ പ്രത്യേകിച്ചും, എല്ലാ പൗരസ്ത്യ സഭകളും ഉൾക്കൊള്ളുന്ന അമൂല്യ നിധികളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനും തുല്യമായ അടിയന്തിര പ്രതിബദ്ധത ആവശ്യമാണ്.

2026 ലോക മിഷൻദിന സന്ദേശം

2026-ലെ ലോക മിഷൻ ദിനത്തിനായി പരി. ലെയോ പതിനാലാമൻ മാർപാപ്പ തിരഞ്ഞെടുത്ത പ്രമേയം 'ക്രിസ്തുവിൽ നാം ഒന്ന്, ദൗത്യത്തിൽ ഐക്യം' എന്നതാണ്. പിതാവുമായുള്ള ക്രിസ്തുവിന്റെ ഐക്യത്തിൽ അധിഷ്ഠിതമായ വിശ്വാസത്തിലുള്ള വിശ്വാസികളുടെ ഐക്യത്തെയും അതിന്റെ ഫലമായി സുവിശേഷവൽക്കരണത്തിന്റെ പൊതു ദൗത്യത്തെയും അത് എടുത്തുകാണിക്കുന്നു. മിഷനറിമാർക്കു വേണ്ടിയും അവരുടെ അപ്പോസ്തോലിക പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിക്കു വേണ്ടിയും സഭ മുഴുവനും പ്രാർത്ഥനയിൽ പങ്കുചേരാനുള്ള ഒരു പ്രാധാന്യമേറിയ അവസരമാണ് ഈ വർഷത്തെ ലോക മിഷൻ ഞായറാഴ്ച, എന്ന് പരി. മാർപാപ്പ ഊന്നിപ്പറയുന്നു. ഒരു വൈദികനെന്ന നിലയിലും പിന്നീട് പെറുവിലെ ഒരു മിഷനറി ബിഷപ്പെന്ന നിലയിലും തന്റെ വ്യക്തിപരമായ അനുഭവം അനുസ്മരിച്ചുകൊണ്ട് പാപ്പ ഇങ്ങനെ പറഞ്ഞു: "ലോക മിഷൻ ഞായറാഴ്ചയിൽ കാണിച്ച വിശ്വാസം, പ്രാർത്ഥന, ഉദാരത എന്നിവ മുഴുവൻ സമൂഹങ്ങളെയും എങ്ങനെ രൂപാന്തരപ്പെടുത്തുമെന്ന് ഞാൻ നേരിട്ട് കണ്ടു."

ഇടവക-കുടുംബതലങ്ങളിലെ മിഷൻ ഞായർ ആചരണ നിർദ്ദേശങ്ങൾ

മലങ്കര സുറിയാനി കത്തോലിക്കാ സഭ മുഴുവൻ, 2026-ലെ ലോക മിഷൻ ഞായറിന്റെ ശതാബ്ദി വർഷത്തിൽ, തീക്ഷ്ണമായ മിഷനറി മനോഭാവവും, ഉത്തരവാദിത്തവും ഏറ്റെടുക്കുവാൻ ലക്ഷ്യമിട്ടുള്ള നിരവധി സംരംഭങ്ങൾക്ക് വഴികാട്ടികളാവണം. സുവിശേഷവത്ക്കരണ ദൗത്യത്തോടുള്ള വിശ്വാസികളുടെ പ്രതിബദ്ധതയെ പ്രോത്സാഹിപ്പിക്കുന്നതിനും ആഴപ്പെടുത്തുന്നതിനുമായി, ഒക്ടോബർ 18-ന് താഴെപ്പറയുന്ന കർമ്മപദ്ധതികൾ നമ്മുടെ എല്ലാ ഇടവകകളിലും കുടുംബങ്ങളിലും ക്രമീകരിക്കണം.

1. മിഷൻ ഞായർ പ്രാർത്ഥന സന്ധ്യ

ഒക്ടോബർ 17-ാം തീയതി ശനിയാഴ്ച, വൈകുന്നേരം 6.00 മുതൽ 7.30 വരെ ഭാരത-ലോക സുവിശേഷവത്ക്കരണത്തിനായി എല്ലാ ഇടവകയിലും സന്ധ്യാ പ്രാർത്ഥന, ദിവ്യകാരുണ്യ ആരാധന ഇവയോടെ ഒരു മണിക്കൂർ മിഷൻ പ്രാർത്ഥന സന്ധ്യയായി ക്രമീകരിക്കുക. ഇടവകയിലെ സുവിശേഷസംഘാംഗങ്ങൾ, മിഷനറിമാർ ഇതിന് നേതൃത്വം വഹിക്കുക.

2. അപ്പസ്തോല പ്രവർത്തനം വായന-ധ്യാനം

മിഷൻ ഞായറാഴ്ചയുടെ മുന്നോടിയായി ഒക്ടോബർ മാസത്തിൽ കുടുംബങ്ങളിലും ഇടവകയിലും അപ്പസ്തോല പ്രവർത്തനം പൊതുവായി ഒരു തവണ വായിക്കുകയും ആദിമസഭയുടേയും അപ്പസ്തോലന്മാരുടെയും ജീവിതത്തെയും മിഷനറി യാത്രയെയും കുറിച്ച് ധ്യാനിക്കുകയും. അവരുടെ വിശ്വാസം, സ്ഥിരോത്സാഹം, പരിശുദ്ധാത്മാവിലുള്ള ആശ്രയം എന്നിവയിൽ നിന്ന് ധൈര്യവും പ്രചോദനവും നേടുകയും ചെയ്യുക.

3. മിഷനറി സാക്ഷ്യം – ആദരിക്കൽ

മിഷൻ പ്രദേശങ്ങളിൽ ജീവിക്കുന്നതിന്റെ സന്തോഷങ്ങൾ, വെല്ലുവിളികൾ, പ്രവർത്തന രീതികൾ എന്നിവ ഇടവകയിൽ പങ്കുവയ്ക്കുവാൻ അതാത് ഇടവകയിൽ നിന്നുള്ള ഒരു മിഷനറി പുരോഹിതന്റെയോ/ സന്യാസിനിയുടെയോ/ അത്മായ മിഷനറിയുടെയോ 20 മിനിറ്റ് പങ്കുവയ്ക്കൽ ക്രമീകരിക്കുക. തദവസരത്തിൽ മിഷനറിമാരെ ആദരിക്കുക. അവശ്യമെങ്കിൽ ഇടവകയ്ക്കു പുറത്തുനിന്നുള്ള മിഷനറിമാരെയും ക്ഷണിക്കാവുന്നതാണ്.

4. മിഷൻ ബോക്സ് പ്രോഗ്രാം

ചെറിയ സംഭാവനകൾ, പ്രാർത്ഥനകൾ, ദൗത്യങ്ങൾക്കുള്ള പിന്തുണ വഴി കുടുംബം മുഴുവൻ സുവിശേഷവത്ക്കരണത്തിൽ പങ്കാളിയാകുന്നതിനുള്ള ഒരു മാർഗമായി ഈ ഞായറാഴ്ച ഓരോ കുടുംബവും അവരുടെ വീട്ടിൽ ഒരു 'മിഷൻ ബോക്സ്' സൂക്ഷിക്കാൻ പ്രോത്സാഹിപ്പിക്കുക. ഇവ 2027-ലെ മിഷൻ ഞായറാഴ്ച ശേഖരിച്ച് മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് ആവശ്യമായ ക്രമീകരണം നടത്തുന്നു.

5. മിഷൻ ഭവനപ്രാർത്ഥന

ഒക്ടോബർ മാസത്തിൽ കുടുംബപ്രാർത്ഥന സമയത്ത് ഓരോ കുടുംബവും സഭയുടെ മിഷൻ പ്രവർത്തനത്തിനായി 2 മിനിറ്റ് പ്രത്യേകമായി പ്രാർത്ഥിക്കുവാൻ ഞാൻ അഭ്യർത്ഥിക്കുന്നു. സുവിശേഷം പ്രചരിപ്പിക്കുന്നതിനായി ജീവിതം സമർപ്പിച്ചവരുമായി നമുക്ക് നമ്മുടെ ഹൃദയങ്ങളെ പ്രാർത്ഥനയിൽ ഒന്നിപ്പിക്കാം.

6. മിഷൻ യാത്രകൾ


കുടുംബമായോ, ഇടവക കൂട്ടായ്മയായോ ചെറിയ മിഷൻ യാത്ര സംഘടിപ്പിച്ച് (1 മിഷൻ ഇടവക/1 സ്ഥലം/1 കുടുംബം സന്ദർശിച്ച്) സുവിശേഷ സാക്ഷ്യം, പ്രാർത്ഥന പങ്കുവയ്ക്കുവാൻ പരിശ്രമിക്കുന്നു.

7. മിഷനറി ദൈവവിളി പ്രോത്സാഹനം

മിഷനറി പൗരോഹിത്യ-സന്യാസ-അത്മായ ദൈവവിളികളെ വിവേചിച്ചറിയാനും ഗൗരവമായി പരിഗണിക്കാനും, ദൈവവിളിയോട് ഉദാരമായി പ്രതികരിക്കാനും മാതാപിതാക്കളെയും യുവതലമുറയേയും ബോധവത്ക്കരിക്കുന്നതിന് മീഡിയയെ കൂടുതൽ പ്രയോജനപ്പെടുത്തുക, മിഷൻ വീഡിയോകൾ, പോസ്റ്ററുകൾ പങ്കുവയ്ക്കുക. മിഷൻ ഞായറിന്റെ ശതാബ്ദി വേളയിൽ, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി തങ്ങളുടെ പ്രാർത്ഥനകളും, ആരോഗ്യവും, സമയവും, സമ്പത്തും, സമർപ്പണം ചെയ്ത അനേകം മിഷനറി വൈദികരേയും സന്യസ്തരേയും അത്മായ സഹോദരരേയും ഏറെ നന്ദിയോടും പ്രാർത്ഥനയോടും ഞാൻ അനുസ്മരിക്കുന്നു.

ആദ്യ മിഷനറിയായ പരി. ദൈവമാതാവിന്റെ അപേക്ഷയും, നമ്മുടെ വിശ്വാസത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹായുടെയും, എല്ലാ മിഷനറി വിശുദ്ധരുടേയും, ഭാരത സുവിശേഷവത്ക്കരണത്തിനായി ജീവിതം സമർപ്പിച്ച ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെയും, അനേക മിഷനറിമാരുടെയും ചൈതന്യവും, പ്രാർത്ഥനയും നമുക്ക് തുണയായിരിക്കട്ടെ.

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി,



✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
22.09.2026

N.B: ഈ ഇടയലേഖനം 2026 ഒക്ടോബർ 18, ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.